**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2065 08.03.2018-ലെ മറുപടിയ്ക്ക്

**മാതിരപ്പിള്ളി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ സ്പോർട്സ് ഹോസ്റ്റൽ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ആന്റണി ജോൺ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | കോതമംഗലം മണ്ഡലത്തിലെ നൂറ് വർഷത്തിലധികം പഴക്കമുള്ളതും വർഷങ്ങളായി സംസ്ഥാന സ്കൂൾ കായിക മേഖലയിൽ ഒന്നാം സ്ഥാനത്ത് എത്തുന്നതുമായ മാതിരപ്പിള്ളി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ ഒരു സ്പോർട്സ് ഹോസ്റ്റൽ വേണമെന്ന ആവശ്യമുന്നയിച്ചുകൊണ്ടുള്ള നിവേദനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ), (ബി), (സി), (ഡി) & (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്പോർട്സ് ഹോസ്റ്റൽ ആരംഭിക്കുന്നതിനുള്ള അപേക്ഷ അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ചുള്ള അനുബന്ധരേഖകൾ സഹിതം ബന്ധപ്പെട്ട ജില്ലാ സ്പോർട്സ് കൗൺസിൽ മുഖേന സംസ്ഥാന സ്പോർട്സ് കൗൺസിലിന് സമർപ്പിക്കുന്ന പക്ഷം ആയത് പരിശോധിച്ച് നടപടികൾ കൈക്കൊള്ളുന്നതാണ്. |
| (ബി) | സംസ്ഥാന സ്കൂൾ കായിക മേളയിലും ദേശിയ മേളയിലും ഇവിടുത്തെ കുട്ടികൾ നിരവധി മെഡലുകൾ വാരിക്കൂട്ടിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | ഈ സ്കൂളിലെ ഒരു കുട്ടി ഒളിംപിക്സ് ട്രയൽസിന് യോഗ്യത നേടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (ഡി) | നിലവിൽ ഈ സ്കൂളിൽ സ്പോർട്സ് ഹോസ്റ്റൽ ഇല്ലാത്തതിനാൽ കുട്ടികൾ | | |

| | | | |
|---|---|---|---|
| | വൻതുക ചെലവാക്കി പ്രൈവറ്റ് ഹോസ്റ്റലുകളെ ആശ്രയിക്കേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (ഇ) | ദേശീയ സംസ്ഥാന കായിക മേഖലയിൽ തുടർച്ചയായി തിളക്കമാർന്ന നേട്ടം കൈവരിക്കുകയും ഒളിമ്പിക്സ് ട്രയൽസിനടക്കം യോഗ്യത നേടുകയും ചെയ്തിട്ടുള്ള പ്രസ്തുത സ്കൂളിലെ കുട്ടികളുടെ കായിക ഉന്നമനത്തിനായി സ്കൂളിൽ സ്പോർട്സ് ഹോസ്റ്റൽ ആരംഭിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ